# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1059 12.06.2014 -ലെ മറുപടിയ്ക്ക്.**

**ഹയർ സെക്കന്ററി പ്രവേശന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ഉന്നത:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിച്ച് എത്ര ദിവസങ്ങൾക്കു ശേഷമാണ് ഹയർ സെക്കന്ററി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി ഫലം പ്രസിദ്ധീകരിച്ച ഉടൻ ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിക്കുകയും 39 ദിവസങ്ങൾക്ക് ശേഷം അപേക്ഷ ഓൺലൈനായി സ്വീകരിച്ചു തുടങ്ങുകയും ചെയ്തു. |
| (ബി) | ഹയർ സെക്കന്ററി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കാലവിളംബം ഉണ്ടായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ്‌വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ , അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം 2014 മെയ് 26 മുതൽ ലഭ്യമാക്കുകയും, ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കായി അപേക്ഷ ഫോറവും പ്രോസ്പക്ടസും പ്രിൻറ് ചെയ്ത് ജൂൺ ആദ്യവാരത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഹയർ സെക്കന്ററി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ വന്ന കാലതാമസം കാരണം എസ്.എസ്.എൽ.സി. ഫലം നേരത്തേ പ്രസിദ്ധീകരിച്ചതുമൂലം ലഭിക്കുമായിരുന്ന ഗുണം വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ടതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഇതുമൂലം പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | പ്ലസ് വൺ വിദ്യാർഥികൾക്ക് അധ്യയന ദിവസങ്ങൾ നഷ്ടപ്പെടാത്ത രീതിയിലാണ് ഈ വർഷത്തേയും പ്ലസ് വൺ പ്രവേശന നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ